(ബി) ഉണ്ട്. റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾക്കെതിരെ പോബ്സ് എസ്റ്റേറ്റ് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) നമ്പർ 34072/2014 നമ്പർ കേസിലെ ഇടക്കാല ഉത്തരവ് പ്രകാരം സർവ്വേ നടത്തുന്നതൊഴിച്ച് മറ്റ് വിഷയങ്ങളിൽ ബഹു. ഹൈക്കോടതിയുടെ മുൻകൂർ അനുമതിയോടുകൂടി മാത്രമേ തുടർ നടപടികൾ കൈക്കൊള്ളാൻ പാടുള്ളൂ എന്ന് ഉത്തരവായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) കരുണ എസ്റ്റേറ്റുമായി ബന്ധപ്പെട്ട സർവ്വേ ജോലികൾക്കായി മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. ബാബു ഗംഗാനാഥിന്റെ നേതൃത്വത്തിൽ മറ്റ് സർവ്വേ ഉദ്യോഗസ്ഥരായ ശ്രീ. ലോഹിതാക്ഷൻ.വി., ശ്രീ. ബേബി കളങ്കര, ശ്രീ. തമ്പി പോൾ, ശ്രീ. സാംകുട്ടി. വൈ., ശ്രീ. അബ്ദുൾ റസാക്ക്. പി, ശ്രീ. സുജിത്ത്.എസ് എന്നിവരാണ് ടീമിൽ ഉൾപ്പെട്ടിരുന്നത്. എന്നാൽ ശ്രീ. ബാബു ഗംഗാനാഥ് 31-3-2015-ന് സർവ്വീസിൽനിന്നും വിരമിച്ചിട്ടുള്ളതിനാൽ ടിയാന് പകരമായി തൃശ്ശൂർ സർവ്വെ ഡെപ്യൂട്ടി ഡയറക്ടറായ ശ്രീ. ബാലകൃഷ്ണനെ നിയോഗിച്ചിട്ടുണ്ട്. സർവ്വേ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് കാലാവധി നിഷ്കർഷിച്ചിട്ടില്ലെങ്കിലും എത്രയും പെട്ടെന്ന് സർവ്വേ പൂർത്തിയാക്കാൻ സർവ്വേ ടീമിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കാലവർഷക്കെടുതിമൂലം ഉണ്ടായ നാശനഷ്ടങ്ങൾ

165 (1198) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ കാലവർഷക്കെടുതിമൂലം ഉണ്ടായ നാശനഷ്ടങ്ങൾ എത്രയെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) കാലവർഷക്കെടുതി നേരിടുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനും ഓരോ വർഷത്തിലും സംസ്ഥാന സർക്കാർ എന്ത് തുക ചെലവഴിച്ചു ; ഓരോ വർഷവും ലഭിച്ച കേന്ദ്രവിഹിതം എത്ര ; വ്യക്തമാക്കുമോ ;

(സി) കാലവർഷക്കെടുതിക്ക് ഇരയായവർക്ക് നഷ്ടപരിഹാരത്തുക ഇനിയും നൽകാനുണ്ടോ ; എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ എത്ര പേർക്ക് നഷ്ടപരിഹാരത്തുക നൽകാൻ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

2011-12	201,00,52,714
2012-13	195,77,36,248
2013-14	271,45,99,524
2014-15	314,83,75,899

(ബി)

വർഷം	ആശ്വാസധനസഹായം നൽകുന്നതിന് ചെലവഴിച്ച തുക	ലഭിച്ച കേന്ദ്രവിഹിതം
2011-12	120,08,20,633	212.91
2012-13	176,88,01,387	204.39
2013-14	295,15,25,591	113.81
2014-15	244,46,57,893	119.50

(സി) വിവരം ശേഖരിച്ചുവരുന്നു.

പുനരധിവസിപ്പിക്കപ്പെട്ടവർക്ക് പട്ടയ വിതരണം

166 (1199) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കപ്പെട്ടപ്പോൾ പുനരധിവസിപ്പിക്കപ്പെട്ടവർക്ക് വർഷങ്ങളായി അവർ താമസിക്കുന്ന സ്ഥലത്തിന് പട്ടയം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽപ്പെട്ട പട്ടയം നൽകേണ്ട എത്ര കുടുംബങ്ങളുണ്ട് ; വിശദവിവരം നൽകാമോ ;

(സി) പ്രസ്തുത കുടുംബങ്ങൾക്ക് പട്ടയം നൽകാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.